**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2288** **12-12-2022 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി നടത്തിപ്പിനായി 2019 മുതൽ നാളിതുവരെ കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പിനായി കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |
| (ബി) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കെ.എ.എസ്.പി.) പ്രകാരം സർക്കാർ, സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള ആകെ കുടിശ്ശിക തുക എത്രയാണ്; കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | സർക്കാർ ആശുപത്രികൾക്ക്/ സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള<br><br>കുടിശ്ശിക തുക (06-12-2022 വരെയുള്ള കണക്ക്) ചുവടെ ചേർക്കുന്നു |

| വർഷം | State Share | Central Share |
|---|---|---|
| 2020-2021 | 3,56,57,46,000 | 1,03,67,41,819 |
| 2021-2022 | 10,02,50,00,000 | 1,38,89,89,685 |
| 2022-2023<br>(07-12-2022) | 6,00,00,00,000 | 1,38,89,89,685 |

| വർഷം | സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള<br>കുടിശ്ശിക തുക | സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള<br>കുടിശ്ശിക തുക |
|---|---|---|
| 2020-2021 | 1,45,74,025 | 5,05,042 |
| 2021-2022 | 1,71,98,56,079 | 9,43,43,389 |
| 2022-2023<br>(07-12-2022) | 4,00,58,29,063 | 44,67,31,443 |

<table>
<tr><td></td><td></td><td></td><td><table><tr><td>ആകെ<br>തുക</td><td>5,74,02,59,167</td><td>54,15,79,874</td></tr></table></td></tr>
<tr><td>(സി)</td><td>കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കും കൊടുത്തു തീർക്കാനുള്ള കഴിഞ്ഞ മൂന്ന് വർഷത്തെ ക്ലെയിംസ് തുകയുടെ വിശദാംശം ലഭ്യമാക്കാമോ;</td><td>(സി)</td><td>സർക്കാർ ആശുപത്രികൾക്ക്/ സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള<br><br>കുടിശ്ശിക തുക (06-12-2022 വരെയുള്ള കണക്ക്) ചുവടെ ചേർക്കുന്നു<br><table><tr><td>വർഷം</td><td>സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള<br><br>കുടിശ്ശിക തുക</td><td>സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള<br><br>കുടിശ്ശിക തുക</td></tr><tr><td>2020-2021</td><td>1,45,74,025</td><td>5,05,042</td></tr><tr><td>2021-2022</td><td>1,71,98,56,079</td><td>9,43,43,389</td></tr><tr><td>2022-2023<br><br>(07-12-2022)</td><td>4,00,58,29,063</td><td>44,67,31,443</td></tr><tr><td>ആകെ<br>തുക</td><td>5,74,02,59,167</td><td>54,15,79,874</td></tr></table></td></tr>
<tr><td>(ഡി)</td><td>സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കെ.ബി.എഫ്. (കാരുണ്യ ബെനവലന്റ് ഫണ്ട്) പദ്ധതി പ്രകാരം സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണ് എന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ;</td><td>(ഡി)</td><td>കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>2021-22 = Rs 53,17,56,076/-<br><br>2022-23 = Rs 54,80,85,222/-</td></tr>
<tr><td>(ഇ)</td><td>സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി നടത്തിപ്പിനായി വിദേശ ഏജൻസികളുടെയോ വിദേശ ഗവേഷണ സ്ഥാപനങ്ങളുടെയോ</td><td>(ഇ)</td><td>സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അതിന്റെ നടത്തിപ്പിനായി ഇത്തരത്തിലുള്ള ഏജൻസികളുടെയോ ഗവേഷണ സ്ഥാപനങ്ങളുടെയോ സാങ്കേതിക സഹായം തേടുന്നില്ല. എന്നാൽ SHA യിലെ ഉദ്യോഗസ്ഥരുടെ പരിശീലനത്തിനും മറ്റുമായി നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഡവലപ്മെന്റ്</td></tr>
</table>

| | | | |
|---|---|---|---|
| | സാങ്കേതിക സഹായം കിട്ടുന്നുണ്ടോ; വിശദാംശം നൽകുമോ; | | പാർട്ണർമാരുടെ സഹായം ആവശ്യാനുസരണം ഉപയോഗപ്പെടുത്താറുണ്ട്. |
| (എഫ്) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ഗുണഭോക്താക്കളുടെയോ ഇൻഷുറൻസ് ക്ലെയിമുകളുടെയോ വിവരങ്ങൾ (ഹെൽത്ത് ഇൻഫർമേഷൻ) മറ്റു സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (എഫ്) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ഗുണഭോക്താക്കളുടെയും ക്ലെയിമുകളുടെയും വിവരങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് പുറത്തുള്ള മറ്റൊരു ഏജൻസികൾക്കും ലഭ്യമല്ല . കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സൗജന്യചികിത്സ നൽകുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി വികസിപ്പിച്ചെടുത്ത ട്രാൻസാക്ഷൻ മാനേജ്മെൻറ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ വഴിയാണ്. ട്രാൻസാക്ഷൻ മാനേജ്മെൻറ് സിസ്റ്റം വഴി ശേഖരിച്ചെടുത്ത വിവരങ്ങളുടെ ഉറവിടം നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ പക്കലാണ്. പ്രസ്തുത വിവരങ്ങളിലേക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അക്സസ്സ് ലഭ്യമാണ് . |

സെക്ഷൻ ഓഫീസർ